# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ബി.എം.ജി.എച്ച്.എസ് |
| വിലാസം | : | തിങ്കൾകരിക്കം പി.ഒ, കുളത്തൂപ്പുഴ, കൊല്ലം ജില്ല, കേരളം |
| പിൻകോഡ് | : | 691 312 |
| സ്കൂൾ കോഡ് | : | 40030 |
| വിദ്യാഭ്യാസ ഉപജില്ല | : | അഞ്ചൽ |
| വിദ്യഭ്യാസ ജില്ല | : | പുനലൂർ |
| റവന്യൂജില്ല | : | കൊല്ലം |
| ബി.ആർ.സി | : | അഞ്ചൽ |
| ഗ്രാമപഞ്ചായത്ത് | : | കുളത്തൂപ്പുഴ |
| ബ്ലോക്ക് പഞ്ചായത്ത് | : | അഞ്ചൽ |
| ജില്ലാ പഞ്ചായത്ത് | : | കൊല്ലം |
| നിയമസഭാ മണ്ഡലം | : | പുനലൂർ |
| ലോകസഭാമണ്ഡലം | : | കൊല്ലം |
| താലൂക്ക് | : | പുനലൂർ |
| വില്ലേജ് | : | തിങ്കൾകരിക്കം |
| ഇ.മെയിൽ | : | 40030bmghs@gmail.com |

# ലക്ഷ്യങ്ങൾ

1. മതനിരപേക്ഷ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്തജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക് മികവിന് ഉപകരിക്കുന്നവിധത്തിൽ ദീർഘകാലവീക്ഷണത്തോടെ പശ്ചാത്തലസൗകര്യം വർദ്ധിപ്പിക്കുക.
3. 8–ാം ക്ലാസ് മുതൽ 10–ാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും പാഠ്യപദ്ധതിയ്ക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തലും.
4. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും ഏഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തൽ
5. മികച്ച ശാരീരിക – മാനസിക – വൈകാരിക ആരോഗ്യം ഉറപ്പുവരുത്തും.
6. സ്കൂൾ കാമ്പസ് ഒരു ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റുക.
7. പാരസ്ഥിതിക അവബോധം, മാലിന്യനിർമ്മാർജ്ജന അവബോധം ഇവയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കു.
8. രക്ഷിതാക്കളിൽ ഗുണമേന്മവിദ്യാഭ്യാസത്തെക്കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ
9. സംസ്ഥാനതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുന്നതിനായി കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും, കായികവുമായ കഴിവുകളെ പരമാവധി പ്രോത്സാഹിപ്പിക്കുക.
10. ആരോഗ്യമുള്ള ഒരു തലമുറയെ വാർത്തെടുക്കാൻ വേണ്ടി കൂടുതൽ സമീകൃതാഹാരം ഉൾപ്പെടുത്തി ഉച്ചഭക്ഷണപദ്ധതി മെച്ചപ്പെടുത്തൽ.
11. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുൾപ്പടെ ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാസാധ്യതകൾ പഠനപ്രവർത്തനത്തിനായി ഉപയോഗിക്കുക.
12. പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടെ നിലവാരം ഉയർത്തുന്നതിനായി ബന്ധപ്പെട്ട പദ്ധതികൾക്ക് കൂടുതൽ പ്രാധാന്യം നൽകുക.
13. അദ്ധ്യാപനവും അദ്ധ്യായനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ
14. എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാകും.
15. സ്കൂൾ ഒരു ലഹരിവിരുദ്ധകാമ്പസാക്കി മാറ്റിയെടുക്കും.

# വിദ്യാലയത്തിന്റെ ലഘുചരിത്രം

കൊല്ലം ജില്ലയിലെ കിഴക്കൻ മലയോരമേഖലയായ കുളത്തൂപ്പുഴയുടെ സാമൂഹിക അഭിവൃദ്ധിയെ ലക്ഷ്യമാക്കിക്കൊണ്ട് 1962–ൽ 18 അംഗകമ്മിറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ചതാണ്. എ.പി.എൻ.എം.എച്ച്.എസ് എന്ന സ്കൂൾ, 1964ൽ മലങ്കരസഭ ഈ സ്കൂൾ ഏറ്റെടുക്കുകയും, 1992ൽ ബനഡിക്ട് മാർ ഗ്രീഗോറിയോസ് ഹൈസ്കൂൾ (ബി.എം.ജി.എച്ച്.എസ്) എന്ന് പുനർനാമകരണം നൽകുകയും ചെയ്തു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ അധീനതയിൽ വിദ്യാഭ്യാസത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും നവീനദർശനങ്ങൾ നൽകുന്നതോടൊപ്പം കഴിഞ്ഞ 62 വർഷമായി പിന്നാക്ക, ന്യൂനപക്ഷവിഭാഗങ്ങൾ ഭൂരിപക്ഷമുള്ള ഈ പ്രദേശത്തിന് മാർഗ്ഗദർശനം നല്കിവരുന്നു.

അച്ചടക്കത്തിലും പഠനനിലവാരത്തിലും അതീവ ശ്രദ്ധ കാണിക്കുന്ന ഈ വിദ്യാലയത്തിൽ വളരെ ഉയർന്ന വിജയശതമാനം ആണുള്ളത്. കലാകായികരംഗങ്ങളിലും ഉന്നത നിലവാരം പുലർത്തി വരുന്നു.

### സ്കൂൾ പശ്ചാത്തലം

ഈ സ്കൂൾ 8,9,10 ക്ലാസ്സുകളിൽ 18 ഡിവിഷനുകളിലായി 780 കുട്ടികൾ അധ്യയനം നടത്തുന്നു. പ്രഥമാധ്യാപകനുൾപ്പെടെ 30 അധ്യാപകരും 5 അനധ്യാപകരും ഇവിടെ സേവനമനുഷ്ടിക്കുന്നു.

മലയോരമേഖലയിലെ സാമ്പത്തികമായും, സാമൂഹികമായും പിന്നാക്കം നൽക്കുന്ന ഈ സ്കൂളിൽ നിന്നും സാമൂഹിക, സാംസ്കാരിക, സാമുദായികമേഖലകളിൽ മികവു പുലർത്തുന്ന അനേകം പ്രതിഭകളെ വാർത്തെടുക്കുവാൻ സാധിച്ചിട്ടുണ്ട്. കായിക കലാരംഗങ്ങളിൽ സംസ്ഥാനദേശീയതലങ്ങളിൽ പ്രതിഭ തെളിയിച്ച ധാരാളം വ്യക്തിത്വങ്ങളെ സൃഷ്ടിക്കുവാൻ സാധിച്ചു എന്നുള്ളത് സ്കൂളിന് ഏറെ അഭിമാനകരമാണ്. അഭിഭാഷകർ, ഡോക്ടേഴ്സ്, എഞ്ചിനീയർമാർ, അധ്യാപകർ, ജനപ്രതിനിധികൾ ആദിയായ നിരവധി മേഖലകളിലെ പ്രശസ്തരായ വ്യക്തികൾ ഈ സ്കൂളിന്റെ സംഭാവനകളാണ്. എന്നാൽ ഭൗതികമായ യാതൊരു സൗകര്യങ്ങളും കാലാനുസൃതമായി മെച്ചപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്നത് സത്യമാണ്. സർക്കാരിന്റെയും ത്രിതലപഞ്ചായത്തിന്റെയും പൂർവ്വവിദ്യാർത്ഥികളുടെയും അധ്യാപക – രക്ഷകർതൃസമിതിയുടെയും ഏകോപനമായ പ്രവർത്തനത്തിലൂടെ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ കഴിയും. എയ്ഡഡ് സ്കൂളായതിനാലും, അതിലുപരി സ്കൂൾ നിലനിൽക്കുന്ന സ്ഥലത്തിന് പട്ടയം ഇല്ലാത്തതിനാലും പലവിധ ഫണ്ടുകളും പ്രയോജനപ്പെടുത്താൻ സാധിക്കിന്നില്ല. ജനപ്രതിനിധികളുടെ സഹായത്തോടെ ഇതിന് പരിഹാരം കാണാൻ കഴിയും.

# വിദ്യാലയം മികവിന്റെ കേന്ദ്രം – കാഴ്ചപ്പാട്

1. വിദ്യാഭ്യാസം സ്വാതന്ത്ര്യത്തിനായുള്ള സാസംസ്കാരിക പ്രവർത്തനമാണ് എന്ന സിദ്ധാന്തത്തിന്റെയും 'മോചനമരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം' എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനേയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.
2. പാഠ്യ – പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവതാല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ
3. ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ
4. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
5. ലോകത്തെവിടേയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ടെന്ന് ഉറപ്പാക്കൽ.
6. പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താല്കാലിക വാസികൾ മാത്രമാണ് മനുഷ്യൻ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസനകാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# പദ്ധതി രൂപീകരണ പ്രക്രിയ – വിവിധ ഘട്ടങ്ങൾ

1. SRG യോഗത്തിൽ ബി.എം.ജി.എച്ച്.എസ്. വിഷൻ 2030 എന്ന വികസന കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.
2. വികസനാവശ്യങ്ങൾ ക്ലാസ്സ് / വിഷയം അടിസ്ഥാനത്തിൽ ഭൗതീകം – അക്കാദമികം, സാമൂഹികം എന്നിങ്ങനെ തരംതിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ
3. കരട് രൂപരേഖ SRG, PTA, MPTA ജനപ്രതിനിധികൾ എന്നിവരടങ്ങുന്ന യോഗത്തിൽ അവതരിപ്പിക്കൽ
4. യോഗത്തിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ
5. PTA നേതൃത്വത്തിൽ കോഡീകൃത പദ്ധതിരേഖ തയ്യാറാക്കൽ

# നിലവിലെ അവസ്ഥാ വിശകലനം

**A. ഭൗതീകം – നേട്ടങ്ങൾ**

കൊല്ലം ജില്ലയിലെ കിഴക്കൻ മലയോരമേഖലയായ കുളത്തൂപ്പുഴയിലെ പ്രകൃതിരമണീയവും ശാന്തസുന്ദരവുമായ ഒരു ഗ്രാമപഞ്ചായത്തിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. സ്കൂൾ ഹൈടെക്ക് ആക്കുന്നതിന്റെ ഭാഗമായി എല്ലാ ക്ലാസ്സ് മുറികളിലും പ്രോജക്ടർ, ഇന്റർനെറ്റ് സൗകര്യം ഇവസ്ഥാപിച്ചു. പച്ചക്കറിത്തോട്ടനിർമ്മാണം, ജൈവ വൈവിധ്യ ഉദ്യാനം, ഹരിതശുചിത്വ മിഷൻ എന്നിവയുടെ പ്രവർത്തനങ്ങളും ആരംഭിച്ചു.

**B. ഭൗതീകം – പരമിതികൾ**

8, 9, 10 ക്ലാസ്സുകളിലായി എണ്ണൂറോണം കുട്ടികൾ പഠിക്കുന്ന ഈ സ്കൂൾ സ്ഥിതി ചെയ്യുന്ന 3 ഏക്കൽ 28 സെന്റിന് നാളിതുവരെ പട്ടയം ലഭിച്ചിട്ടില്ല. അയതിനാൽ വിവിധ ഉറവിടങ്ങളിൽ നിന്നുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനും ഭൗതീകവികസനത്തിനും തടസ്സം നേരിടുന്നു. ഓഫീസ്, സ്റ്റാഫ് റൂം, ലാബ്, ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങൾ ഇല്ല. 1962 ൽ രൂപം കൊണ്ട സ്കൂൾ കെട്ടിടവും ശോചനീയവസ്ഥയിലാണ്. സ്കൂളിൽ ഒരു വാഹനം ഇല്ല. ചുറ്റുമതിൽ പൂർണ്ണമല്ല. ആഡിറ്റോറിയം, ഭോജനശാല, സ്റ്റേജ് എന്നിവ ആവശ്യമാണ്. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യപാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലങ്ങൾ പുനർനിർമ്മിക്കേണ്ടതുണ്ട്.

**C. അക്കാദമികം – നേട്ടങ്ങൾ**

കഴിഞ്ഞ വർഷങ്ങളിൽ എസ്.എസ്.എൽ.സി പരീക്ഷയിൽ 100 ശതമാനത്തോളം വിജയം നിലനിർത്തുന്നു. റവന്യൂജില്ല, സംസ്ഥാനതല കായിക, കലോത്സവങ്ങളിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ സാധിച്ചു.

**അക്കാദമികം – പരിമിതികൾ**

വിവിധ മത്സരപരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടതുണ്ട. സ്കൂൾ ഗ്രന്ഥശാലാനവീകരണം. ലബോറട്ടികൾ ആധുനികവൽക്കരിക്കണം. ക്ലാസ്സ്, ലൈബ്രറികൾ ക്രമീകരിച്ചിട്ടില്ല.

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റനോട്ടത്തിൽ

| അക്കാദമികം | അക്കാദമികം | സാമൂഹികം |
| --- | --- | --- |
| ♦ ഭാഷാശേഷി വികസനം<br>♦ ഗണിതശേഷി വികസനം<br>♦ ശാത്രപോളണപരിപാടി<br>♦ വായനാപരിപോഷണം<br>♦ ലൈബ്രറി ആധുനിക വൽക്കരിക്കൽ<br>♦ പ്രതിഭാപോഷണ പരിപാടി<br>♦ ജൈവവൈവിധ്യപാർക്ക്<br>♦ പഠനയാത്രകൾ<br>♦ സെമിനാറുകൾ<br>♦ കലാ – കായികമേള<br>♦ ഐ.ടി. പരിശീലനം<br>♦ അദ്ധ്യാപിക ശാക്തീകരണ പരിപാടികൾ<br>♦ ക്ലാസ് പി.ടി.എ. സജീവമാക്കൽ<br>♦ സ്കൂൾ പത്രം/മാസിക<br>♦ പ്രവൃത്തിപരിചയ പഠനം<br>♦ SRG ശാക്തീകരണം<br>♦ ശാസ്ത്രാഭിരുചി വളർത്തൽ<br>♦ പച്ചക്കറിത്തോട്ടം<br>♦ ഗണിതലാബ്, ഭാഷാലാബ്<br>♦ ദിനാചരണങ്ങൾ<br>♦ ബ്ലോഗ്<br>♦ കായികപഠനം | ♦ ചുറ്റുമതിൽ, ഗേറ്റ്<br>♦ കളിസ്ഥലം<br>♦ ക്ലാസ് മുറികൾ<br>♦ ഓഫീസ് മുറി<br>♦ സ്റ്റാഫ് മുറി<br>♦ കമ്പ്യൂട്ടർ റൂം<br>♦ ലൈബ്രറി<br>♦ അടുക്കള<br>♦ ഭോജനശാല<br>♦ കുടിവെള്ളവിതരണം<br>♦ മാലിന്യസംസ്കരണം<br>♦ ടോയ്‌ലറ്റ്<br>♦ ലബോറട്ടറി<br>♦ ജന്മദിനത്തിനൊരു പുസ്തകം<br>♦ ചിത്രരചന<br>♦ കൃഷിത്തോട്ടം എന്റെ വീട്ടിലും<br>♦ ഭാഷോത്സവം<br>♦ ഗണിതമേള<br>♦ ശാസ്ത്രമേള<br>♦ കായികമേള | ♦ PTA ശക്തിപ്പെടുത്തൽ<br>♦ വിദ്യാലയ വികസനസമിതി<br>♦ പൂർവ്വവിദ്യാർത്ഥി – സംഘടനയുടെ പ്രവർത്തനം<br>♦ ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ<br>♦ ക്ലാസ്സ് PTA മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ.<br>♦ വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>♦ വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനുകൂടി പ്രയോജനപ്പെടുത്തൽ<br>♦ പഠനക്കൂട്ടം<br>♦ പ്രാദേശിക PTA<br>♦ ഭവനസന്ദർശനം |

# പദ്ധതി വിശദാംശങ്ങൾ

## (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)

# പ്രവർത്തനങ്ങൾ

## മേഖല – അക്കാദമികം

# മേഖല – അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം 1<br>**മെഡിക്കൽ ക്യാമ്പ്**<br>ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു തവണ കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒരു തവണ | HM<br>PTA | 10000/-<br>PTA |
| പ്രവർത്തനം 2<br>**പച്ചക്കറിത്തോട്ടം**<br>കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു തവണ | SRG<br>SSG<br>കൃഷിവകുപ്പ് | 5000/- |
| പ്രവർത്തനം 3<br>**ജൈവവൈവിധ്യ പാർക്ക്**<br>പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് നിർമ്മിക്കൽ | 2 വർഷം | SRG, HM<br>സയൻസ് ക്ലബ്ബ്<br>പരിസ്ഥിതി വകുപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 25000/- |
| പ്രവർത്തനം 4<br>**ക്ലാസ്സ് PTA സജീവമാക്കൽ** | ക്ലാസ്സ് കൃത്യമായ അജണ്ട ഉപയോഗിച്ച് പ്രതിമാസം ചേരൽ. പഠനപുരോഗതി പരിശോധിക്കൽ. മികവുകളുടെ അവതരണം പൊതുചർച്ച | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | |
| പ്രവർത്തനം 5<br>**പോഷകാഹാരപരിപാടി**<br>ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസം വ്യത്യസ്തമെനു ഉപയോഗിച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, HM, PTA | 50000/-<br>CSR Fund |
| പ്രവർത്തനം 6<br>**ജന്മദിനത്തിനൊരു**<br>പുസ്തകം ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മ ദിനങ്ങളിലും | ക്ലസ്സ് ടീച്ചർ<br>ക്ലാസ്സ് ലീഡർ | |
| പ്രവർത്തനം 7<br>**ശാസ്ത്രമാജിക്**<br>കുട്ടികളിൽ ശാസ്ത്രഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ തന്നെ അവതരിപ്പിക്കണം | മാസത്തിൽ ഒന്ന് വീതം | SRG<br>സയൻസ് ക്ലബ്ബ് | |
| പ്രവർത്തനം 8<br>**ലോകസഞ്ചാരം**<br>ലോകരാജ്യങ്ങളെ പരിചയപ്പെടൽ | ലോകഭൂപടത്തിന്റെ വലിയ ചിത്രം എല്ലാവർക്കും കാണുവാൻ കഴിയുന്ന ഒരു ഭിത്തിയിൽ വലുതായി ചിത്രീകരിക്കണം. ദിവസവും ദിനപത്രങ്ങൾ പരിശോധിച്ച് ഓരോ രാജ്യവുമായി ബന്ധപ്പെട്ടുവരുന്ന വാർത്തകൾ അതാതു രാജ്യങ്ങളിൽ ഒട്ടിക്കുന്നു. | പ്രതിദിനം | SRG<br>സോഷ്യൽ സയൻ ക്ലബ്ബ് | |

# പ്രവർത്തനങ്ങൾ

## മേഖല – ഭൗതികം

# മേഖല – ഭൗതിക

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം 1<br>**ചുറ്റുമതിൽ**<br>സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | ചുറ്റുമതൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക. | ഒരു വർഷം | PTA<br>LSGD | 10,00,000/-<br>ജില്ലാ പഞ്ചായത്ത് |
| പ്രവർത്തനം 2<br>**ഡൈനിംഗ് ഹാൾ**<br>ശുചിത്വം – ആരോഗ്യം | സൗകര്യമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | രണ്ടു വർഷം | PTA<br>LSGD | 1 കോടി<br>MLA Fund |
| പ്രവർത്തനം 3<br>**അടുക്കള**<br>ശുചിത്വം – ആരോഗ്യം | ആധുനിക സംവിധാനങ്ങളോടു കൂടിയ അടുക്കളെ നിർമ്മിക്കൽ | 2 വർഷം | PTA<br>LSGD | 5 ലക്ഷം<br>M P Fund |
| പ്രവർത്തനം 4<br>**ശൗചാലയ സമുച്ചയം**<br>ശുചിത്വം – ആരോഗ്യം | സൗകര്യപ്രദമായ സ്ഥലത്ത് ആൺ കുട്ടികൾക്കും | 2 വർഷം | PTA<br>LSGD | 5 ലക്ഷം<br>M P Fund |
| പ്രവർത്തനം 5<br>**ലാബ് സമുചയം**<br>ലാബുകൾ ശാസ്ത്രീയമാക്കൽ. ആധുനിക സംവിധാനങ്ങൾ ഒരുക്കൽ | ആകർഷകമായ വിധത്തിൽ ശാസ്ത്രീയമായ രീതിയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ലാബ് സമുചയ നിർമ്മാണം | 2 വർഷം | PTA<br>LSGD | 80 ലക്ഷം<br>(നബാർഡ്) |
| പ്രവർത്തനം 6<br>**മൈതാനനിർമ്മാണം**<br>കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യമൊരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്നവിധത്തിൽ വിവിധ സൗകര്യങ്ങളൊരുക്കിയ വിശാലമായ മൈതാനം നിർമ്മിക്കൽ | 2 വർഷം | PTA<br>LSGD | 80 ലക്ഷം<br>(ജില്ലാ പഞ്ചായത്ത്) |
| പ്രവർത്തനം 7<br>**ബ്ലോക്ക് പ്ലാന്റേഷൻ നിർമ്മാണം**<br>സ്കൂൾ പരിസരം ഹരിതാഭമാക്കൽ | തരിശുകിടക്കുന്ന ഭൂമിയിൽ വനം വകുപ്പിന്റെ സഹകരണത്തോടെ പരമാവധി മരം വച്ചു പിടിപ്പിക്കൽ | 1 വർഷം | PTA, SRG<br>വനംവകുപ്പ് | 50000/- |
| പ്രവർത്തനം 8<br>**കുടിവെള്ള വിതരണം**<br>ശുദ്ധജലം യഥേഷ്ടം ലഭ്യമാക്കൽ | ശുദ്ധജലവിതരണ ശൃംഖലയിലെ ജലം, കിണറുകളിലെ ജലം എന്നിവ എല്ലാ ടാങ്കിലും എത്തുന്നതിനുള്ള ക്രമീകരണം. ടാങ്കിൽ നിന്ന് ടോയ്ലെറ്റ്, വാഷ് ടബ് എന്നിവയിലേക്ക് പുതിയ ടബ്ബ് സ്ഥാപിക്കൽ | 6 മാസം | PTA | 2 ലക്ഷം<br>ജില്ലാ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| പ്രവർത്തനം 9<br>**ജനറേറ്റർ സ്ഥാപിക്കൽ**<br>വൈദ്യുതി തടസ്സം പ്രശ്നമാകാതെ വിദ്യാലയ പ്രവർത്തനങ്ങളുടെ സംഘാടനം | കമ്പ്യൂട്ടർ ലാബ്, ഓഫീസ്, ഹൈടെക് ക്ലാസ് റൂം എന്നിവയുടെ പ്രവർത്തനം തടസ്സമില്ലാതെ നടക്കുവാൻ ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കൽ | 1 വർഷം | PTA | 20 ലക്ഷം<br>M P Fund |
| പ്രവർത്തനം 10<br>**മാലിന്യ സംസ്ക്കരണം**<br>ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്ക്കരിക്കുന്നതിനുള്ള ക്രമീകരണം സൗകര്യപ്രദമായ സ്ഥലത്ത് ഒരുക്കൽ. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം | 1 വർഷം | PTA<br>SSG | 1 ലക്ഷം<br>ജില്ലാ പഞ്ചായത്ത് |
| പ്രവർത്തനം 11<br>**ബയോഗ്യാസ് പ്ലാന്റ്**<br>മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | PTA<br>ഉച്ചഭക്ഷണ കമ്മിറ്റി | 2 ലക്ഷം<br>Anert |
| പ്രവർത്തനം 12<br>**ടൂൾകിറ്റ് പണിയായുധങ്ങൾ**<br>കൃഷി, അറ്റകുറ്റപ്പണി എന്നിവ കാര്യക്ഷമമാക്കൽ | വൈദ്യുതി, ജലവിതരണം, പച്ചക്കറി കൃഷി, കംപ്യൂട്ടർ, തുടങ്ങിയവരുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള ഉപകരണങ്ങളും ആയുധങ്ങളും ഒരു മുറിയിൽ സൂക്ഷിക്കൽ | 6 മാസം | PTA<br>സ്റ്റാഫ് സെക്രട്ടറി | 1000/-<br>PTA |
| പ്രവർത്തനം 13<br>**പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ** | സ്കൂൾ കെട്ടിടത്തിനു മുകളിൽ സൗരോർജ്ജപാനൽ സ്ഥാപിച്ച് വിവിധ ആവശ്യങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കൽ | 3 വർഷം | PTA<br>LSGD<br>അനെർട്ട് | 10 ലക്ഷം |

# പ്രവർത്തനങ്ങൾ

## മേഖല – സാമൂഹികം

# മേഖല – സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രവർത്തനം 1<br>**പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ**<br>സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ്വ വിദ്യാർത്ഥിസംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | SSG<br>OSA | 5,000/-<br>(ഒ.എസ്.എ) |
| പ്രവർത്തനം 2<br>**പൂർവ്വാദ്ധ്യാപക സംഗമം**<br>സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | അദ്ധ്യാപക ഹാജർബുക്ക് പരിശോധിച്ച് പൂർവ്വാദ്ധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | രണ്ടു വർഷത്തിലൊരിൽ | Staff<br>Coincil | 10,000/-<br>Staff Fund |
| പ്രവർത്തനം 3<br>**പ്രാദേശിക പി.ടി.എ** യോഗങ്ങൾ | വിദ്യാലയത്തിന്റെ പരിഹാരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് പി.ടി.എ.യോഗങ്ങൾ ചേരൽ | വർഷത്തിൽ ഒരു പ്രാവശ്യം | SSG<br>SRG | 10,000/-<br>PTA Fund |
| പ്രവർത്തനം 4<br>**പഠനക്കൂട്ടങ്ങൾ**<br>മികവുകളുടെ അവതരണം പഠനം കാര്യക്ഷമമാക്കൽ | വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരിക്കണം. ഓരോ ടേമിലും ഒന്നു വീതം അരദിവസം നീണ്ടുനില്ക്കുന്ന വിവിധ മികവുകളുടെ അവതരണവും രക്ഷിതാക്കൾക്കുവേണ്ടി സമകാലിക പ്രസക്തിയുള്ള വിഷയത്തിൽ ക്ലാസ്സും നടത്തൽ. ഞായറാഴ്ചകളിൽ പതിവായി ക്ലാസ്സ് ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ. | ഓരോ ടേമിലും ഒന്നുവീതം മികവുകളുടെ അവതരണം. ആഴ്ചയിൽ ഒരു ദിവസം പഠനക്കൂട്ടം | SRG<br>PTA<br>SSG | 5000/-<br>Sponsorship |
| പ്രവർത്തനം 5<br>**വായനാക്കൂട്ടം**<br>വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ, രക്ഷിതാക്കൾ, നാട്ടിലെ വായനാതാൽപരർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്ക് വിധേയമായി വായിക്കുവാൻ നൽകൽ, നല്ല വായനക്കാരനെ ആദരിക്കൽ | ആവശ്യാനുസരണം | Librararian | |
| പ്രവർത്തനം 6<br>**പി.റ്റി.എ / എം.പി.റ്റി.എ സർഗ്ഗോത്സവം**<br>അദ്ധ്യാപക രക്ഷാകർത്തൃ ബന്ധം ശക്തമാക്കുക. | പി.ടി.എ, മദേഴ്സ് ഫോറം, അദ്ധ്യാപകർ എന്നിവർ സംയുക്തമായി വിവിധ കലാപരിപാടികൾ കുട്ടികൾക്കുവേണ്ടി അവതരിപ്പിക്കൽ. കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനങ്ങൾ നൽകൽ. കുട്ടികളുടെ ജഡ്ജസ് പാനൽ വിലയിരുത്തൽ. | 2 വർഷം | PTA<br>LSGD | 80 ലക്ഷം<br>(ജില്ലാ പഞ്ചായത്ത്) |

| | | | | |
|---|---|---|---|---|
| പ്രവർത്തനം 7<br>**പുസ്തകസമാഹരണം**<br>സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ | അദ്ധ്യാപകരും കുട്ടികളും അടങ്ങുന്ന ചെറുസംഘം വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകൾ സന്ദർശിച്ച് ഗ്രന്ഥശാലയിലേക്ക് ആവശ്യമായ പുസ്തകങ്ങൾ ശേഖരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG<br>School Parlament | |
| പ്രവർത്തനം 8<br>**മികവുറ്റ സ്കൂളിലേക്ക് പഠനയാത്ര**<br>കൂടുതൽ ആശയങ്ങൾ രൂപീകരിക്കുക. | മികവാർന്ന വിധത്തിൽ പാഠ്യ–പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേക്ക് യാത്ര നടത്തി അനുഭവനങ്ങൾ അടുത്തറിയൽ. | വർഷത്തിൽ ഒരു പ്രാവശ്യം | PTA<br>SRG | 5,000/-<br>PTA Fund |
| പ്രവർത്തനം 9<br>**പുസ്തക പ്രചരണം**<br>വായനയുടെ സന്ദേശം സമൂഹത്തിന് കൈമാറൽ. ധന സമാഹരണമാർഗ്ഗം | ജെ.ആർ.സി കുട്ടികൾ, അദ്ധ്യാപകർ, പി.ടി.എ കമ്മിറ്റി അംഗങ്ങൾ എന്നിവരുടെ ചെറുഗ്രൂപ്പ് മുൻകൂട്ടി വാങ്ങിയ വിവിധ പ്രസാധകരുടെ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ വിറ്റഴിക്കൽ. കമ്മീഷൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കൽ | മദ്ധ്യവേനൽ അവധിക്കാലം | JRC<br>Staff Council<br>PTA | |
| പ്രവർത്തനം 10<br>**പുസ്തക പ്രസിദ്ധീകരണവും വിറ്റഴിക്കലും**<br>കുട്ടികളുടെ വിവിധ സൃഷ്ടികൾ പരിശോധിച്ച് മികച്ചവ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കൽ | കുട്ടികൾ രചിച്ച കഥ/കവിത/കാർട്ടൂൺ/ കഥാപ്രസംഗം തുടങ്ങിയ വിവിധ സാഹിത്യസൃഷ്ടികൾ എസ്.ആർ.ജിയുടെ ഉപസമിതി പരിശോധിച്ച് പ്രസിദ്ധീകരണയോഗ്യമായവ തെരഞ്ഞെടുക്കൽ. അച്ചടിച്ച് പ്രസിദ്ധീകരിക്കൽ, വിറ്റഴിക്കൽ, അച്ചടിച്ച ചെലവ് കഴിഞ്ഞ് ബാക്കി വരുന്ന തുക പുതിയ പുസ്തകങ്ങൾ വാങ്ങുവാൻ ഉപയോഗിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | SRG<br>PTA | 10,000/-<br>പരസ്യം |
| പ്രവർത്തനം 11<br>**സ്കൂൾ കലണ്ടർ**<br>സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | SRG<br>PTA | 10,000/-<br>Advt. |
| പ്രവർത്തനം 12<br>**ഗ്രാമപത്രം**<br>വിദ്യാലയപ്രവർത്തനങ്ങൾ പൊതുസമൂഹത്തെ അറിയിക്കൽ | വിദ്യാലയത്തിന്റെ സമീപമുള്ള റോഡുകളിലെ കവലകളിൽ വിദ്യാലയത്തിന്റെ ഗ്രാമപത്രം നിർമ്മിക്കൽ. ചുമതലപ്പെടുത്തിയിരിക്കുന്ന കുട്ടികൾ ദിവസവും വിദ്യാലയ സംബന്ധമായ മികവുകളും പൊതുവാർത്തകളും അറിയിപ്പുകളും ഗ്രാമപത്രത്തിൽ എഴുതൽ | 3 വർഷം | PTA<br>LSGD<br>അനെർട്ട് | 10 ലക്ഷം |

| | | | | |
|---|---|---|---|---|
| പ്രവർത്തനം 13<br>**ഹരിത ഗ്രാമം**<br>ഗ്രാമവീഥികളെ പരമാവധി ഹരിതാഭമാക്കൽ | വിദ്യാലയത്തിലേക്കുള്ള വിവിധ വഴികളിൽ പരമാവധി തണൽമ രങ്ങൾവച്ചുപിടിപ്പിക്കൽ.അവ യുടെ പരിപാലനം ഗ്രൂപ്പ് തിരിച്ച് കുട്ടികൾക്ക് നൽകൽ. സമീ പത്തെ ക്ലബ്ബികൾ, വായനശാല കൾ തുടങ്ങിയവയെ പദ്ധതി യിൽ പങ്കെടുപ്പിക്കാം. | വർഷ ത്തിൽ ഒരു പ്രാവശ്യം | PTA<br>School Parlament | 1,000/-<br>സംഭാവന |
| പ്രവർത്തനം 14<br>**പൊതിച്ചോറ്**<br>വിദ്യാലയം ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പങ്കെടു ക്കൽ | വിദ്യാലത്തിലെ മുഴുവൻ അദ്ധ്യാ പകരും ഇതര ജീവനക്കാരും 5 – 10 ഭക്ഷണപ്പൊതികൾ വീതം കൊണ്ടുവരുന്നു. സമീപത്തുള്ള അനാഥാലയം, ആശുപത്രി എന്നിവയ്ക്ക് ഈ പൊതികൾ ഉച്ചഭക്ഷണമായി എത്തിച്ചുകൊ ടുക്കൻ | വർഷ ത്തിൽ ഒരു പ്രാവശ്യം | SRG | |

**MALAYALAM**

**പ്രവർത്തനം 1**

പേര് : രചനാ ശില്പശാല

ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/കവിയരങ്ങ് രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കൽ രൂപപ്പെടുന്ന ഉല്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസുമുറിയിലെ പഠന സാമഗ്രിയായി ഉൽപന്നങ്ങളെ ഉപയോഗിക്കൽ | 3 മാസത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം കലാ സാഹിത്യ വേദി | 5,000/- Sponsorship |

**പ്രവർത്തനം 2**

പേര് : അഭിമുഖം / സെമിനാറുകൾ

ഉപമേഖല : സർഗ്ഗശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്ത സാഹിത്യകാരന്മാരുമായി അഭിമുഖം നടത്തൽ. സാഹിത്യനായകതന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഒ.എസ്.എ | 10,000/- O.S.A |

**പ്രവർത്തനം 3**

പേര് : ഗ്രന്ഥശാലാ ശാക്തീകരണം

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശത്തിലൂടെ കണ്ടെത്തൽ, പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ,കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | എച്ച്.എം.പി.ടി.എ.ലൈബ്രറിയൻ | 2,000/- Sponsorship |

## പ്രവർത്തനം 4

പേര് : നടകകളരി

ഉപമേഖല : ഭാഷാശേഷികളുടെ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ / ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കരണം | 2 മാസത്തിൽ ഒരു പ്രാവശ്യം | ആർട്സ് ക്ലബ്ബ് | |

## പ്രവർത്തനം 5

പേര് : സർഗ്ഗസല്ലാപം

ഉപമേഖല : ഭാഷാവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിൽ എത്തിക്കാൻ അവരുടെ വായന/ എഴുത്ത് അനുഭവനങ്ങള്ഡ കുട്ടികളുമായി പങ്കുവയ്ക്കൽ പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | HM<br>PTA | 2,000/-<br>Sponsorship |

## പ്രവർത്തനം 6

പേര് : ദിനാചരണങ്ങൾ

ഉപമേഖല : സമഗ്രവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ആർ.ജി.യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | അവശ്യാനുസരണം | എസ്.ആർ.ജി | |

## പ്രവർത്തനം 7

പേര് :

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്ര | സഹിത്യകാരന്മാരുടെ ജന്മസ്ഥലങ്ങൾ സന്ദർശിച്ച് കാഴ്ചപ്പാടുകൾ രൂപീകരിക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | PTA<br>SRG<br>ഭാഷാധ്യാപകർ | |

## പ്രവർത്തനം 8

പേര് :

ഉപമേഖല :

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അസംബ്ലിയിൽ എല്ലാ കുട്ടികൾക്കും മലയാളം ഫലപ്രദമായി വായിക്കാനും സഭാക്കമ്പം കണ്ടെത്തൽ | മാസത്തിൽ രണ്ടുദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ ചുമതലയും ഏറ്റെടുത്ത് അവതരിപ്പിക്കുക. ഓരോ ക്ലാസ്സിനും ഇടവിട്ട് ചുമതല ഏൽപ്പിക്കുന്നു. | മാസത്തിൽ രണ്ടു ദിവസം | ക്ലാസ്സ് ടീച്ചർ<br>ഭാഷാധ്യാപകൻ | |

## പ്രവർത്തനം 9

പേര് : കുട്ടീസ് റോഡിയോ

ഉപമേഖല : ഭാഷയുടെ പ്രകടനപരത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവതരണമികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സുകളിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവ് സമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | ആഴ്ചയിൽ ഒരു പ്രാവശ്യം | SRG | 25000/-<br>Sponsorship |

## ENGLISH

### പ്രവർത്തനം 1

പേര് : ഇംഗ്ലീഷ് അസംബ്ലി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക | സഹിത്യകാരന്മാരുടെ ജന്മസ്ഥലങ്ങൾ സന്ദർശിച്ച് കാഴ്ചപ്പാടുകൾ രൂപീകരിക്കുക. | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |

### പ്രവർത്തനം 2

പേര് : ഇംഗ്ലീഷ് ഡയറി

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും ഭവനത്തിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

### പ്രവർത്തനം 3

പേര് : മലയാളകൃതികൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യൽ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ മലയാളബാലസാഹിത്യ കൃതികൾ ആശയം ചോർന്നുപോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ട് പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | പ്രതിവർഷം 20,000/- |

## പ്രവർത്തനം 4

പേര് :

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മ വിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക. | സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ്, ഇംഗ്ലീഷ് കോർണർ, ഇംഗ്ലീഷ് അസംബ്ലി | ശനിയാഴ്ചകൾ, അവധിക്കാലം | PTA ടീച്ചർ | |

## പ്രവർത്തനം 5

പേര് :

ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്വതന്ത്രമായ വായനയ്ക്ക്, എഴുത്തിന് സജ്ജരാക്കുക. | പ്രൊഫൈലിൽ, സ്ക്രിപ്റ്റ് ഇവ തയ്യാറാക്കുന്നതിന് ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു. റോൾ പ്ലെ, ദിനാചാരണം, സെമിനാർ എന്നിവ നടത്തുക. സിംപിൾ ലാംഗേജ് ഗെയിം, പത്രവായന, പദസംവാദനം, എന്നിവ | ക്ലാസ്സ് റൂം പ്രവർത്തനങ്ങൾ, അസംബ്ലി | SRG ടീച്ചർ | |

## പ്രവർത്തനം 6

പേര് : ഗ്രാമർ ക്ലാസ്സ്

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടാൽ | Free Time- ൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതി വർഷം 10 ക്ലാസ്സ് | ഇംഗ്ലീഷ് ടീച്ചർ | |

**പ്രവർത്തനം 7**

പേര് : പ്രസംഗതർജ്ജിമ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗം ഒരാൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം 8**

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | പ്രതിവർഷം 20,000/- |

**പ്രവർത്തനം 9**

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങള്, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ. കുട്ടികൾ തന്നെ ചാർട്ട് പേപ്പറിൽ ഇംഗ്ലീഷ് പ്രോവെർബ്സ് എഴുതി തയ്യാറാക്കൽ | പ്രതിമാസ പരിപാടി | ക്ലാസ്സ് ടീച്ചർ | |

## പ്രവർത്തനം 10

പേര് : ഇംഗ്ലീഷ് തീയറ്റർ (ടാലന്റ് ലാബ്)

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ (ടാലന്റ് ലാബ്) | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗത്തുള്ള പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമായ വ്യവഹാരരൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസ്സിന് മുമ്പാകെ അവതരിപ്പിക്കൽ. eg: Skitm Conversatrion, Drana etc. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് അധ്യാപകർ | 2,000/- PTA |

## പ്രവർത്തനം 11

പേര് : ഇംഗ്ലീഷ് കോർണർ

ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിൽ പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കുക. | ICT സാദ്ധ്യത ഉപയോഗിച്ച് ഓരോ പാഠഭാഗങ്ങളുടെയും ലളിതമായ സ്ലൈഡുകളുടെ നിർമ്മാണത്തിലൂടെ പാഠഭാഗം അവതരിപ്പിക്കൽ | ആഴ്ചയിൽ 3 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപകൻ | 1,000/- |

## HINDI

### പ്രവർത്തനം 1

പേര് : രാഷ്ട്രഭാഷ / ശ്രേഷ്ഠഭാഷ

ഉപമേഖല : അക്കാദമികം / ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ, നാടകീകരണം | മാസത്തിൽ ഒന്നുവീതം | ഹിന്ദി ക്ലബ്ബ് | 5,000/- |

### പ്രവർത്തനം 2

പേര് : ഹിന്ദി അസംബ്ലി

ഉപമേഖല : ഹിന്ദു ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ രണ്ടുദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഹിന്ദിയിൽ അവതരിപ്പിക്കു, ഹിന്ദി ന്യൂസ് പേപ്പർ വായിക്കാൻ സൗകര്യം ഒരുക്കുക. ലൈബ്രറിയിൽ ഹിന്ദി പുസ്തകങ്ങൾ മാഗസിനുകൾ എന്നിവ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |

### പ്രവർത്തനം 3

പേര് : ഹിന്ദി ഡയറി

ഉപമേഖല : ഹിന്ദി ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ഹിന്ദി എഴുതുവാനുള്ള ശേഷി നേടാൻ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദിയിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഹിന്ദി അദ്ധ്യാപകൻ | |

**പ്രവർത്തനം 4**

പേര് : ഹിന്ദി കൈയ്യെഴുത്തു മാസിക

ഉപമേഖല : ഹിന്ദി സർഗ്ഗാത്മരചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദിയിൽ സർഗാത്മരചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് മാസിക തയ്യാറാക്കൽ. ഉദാ. സ്വാതന്ത്ര്യദിനം, പരിസ്ഥിതി മലിനീകരണം, ഓണം | പ്രതിമാസ പരിപാടി | ഹിന്ദി ക്ലബ്ബ് | 2,000/- |

**പ്രവർത്തനം 5**

പേര് : പ്രസംഗം തർജ്ജിമ

ഉപമേഖല : ഹിന്ദു ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയത് ഒരാൾ അവതരിപ്പിക്കുന്നു. ഹിന്ദി ദ്വിഭാഷി ഹിന്ദിയിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഹിന്ദി ക്ലബ്ബ് | |

**പ്രവർത്തനം 6**

പേര് : പദപ്രശ്ന നിർമ്മാണം

ഉപമേഖല : ഹിന്ദി പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കളികളിലൂടെ ഭാഷാ പഠനം | ഹിന്ദി പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഹിന്ദി അദ്ധ്യാപകൻ | |

## പ്രവർത്തനം 7

പേര് : ഹിന്ദി കോർണർ

ഉപമേഖല : ഹിന്ദി ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഹിന്ദി പഠനാന്തരീക്ഷം സൃഷ്ടക്കൽ | ക്ലാസ്സ് മുറികൾ ഹിന്ദി പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | പ്രതിമാസ പരിപാടി | ഹിന്ദി ക്ലബ്ബ് | 1,000/- |

## പ്രവർത്തനം 8

പേര് : ഗ്രാമർ സ്കൂൾ

ഉപമേഖല : ഹിന്ദു ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | ഫ്രീടൈമിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഹിന്ദി ക്ലാസ്സുകൾ സംഘടിപ്പിക്കുക. | പ്രതി വർഷം 10 – ാം ക്ലാസ്സ് | ഹിന്ദി അദ്ധ്യാപകൻ | 2,000/- |

## SOCIAL SCIENCE

### പ്രവർത്തനം 1

പേര് : സാമുഹ്യശാസ്ത്ര ലൈബ്രറി കോർണർ

ഉപമേഖല : അക്കാദമികം / സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹികശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർ ബുക്കുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹിക ശാസ്ത്ര ക്ലബ്ബ് | 5,000/- Sponsorship |

### പ്രവർത്തനം 2

പേര് : ബുള്ളറ്റിൻ ബോർഡ്

ഉപമേഖല : അക്കാദമികം / സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമുഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തേയും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്രക്ലബ്ബ് | 1,000/- PTA |

### പ്രവർത്തനം 3

പേര് : ഡിബേറ്റ് ക്ലബ്ബ്

ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലിക പ്രസക്തിയുള്ള സാമുഹിക ശാസ്ത്രവിഷങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ്, പാനൽ ചർച്ച്, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്നു വീതം | എസ്.ആർ.ജി | 1,000/- SDC |

## പ്രവർത്തനം 4

പേര് : മോക്ക് പാർലമെന്റ്

ഉപമേഖല : അക്കാദമികം / സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റുപേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. ഇതിന്റെ നേതൃത്വത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | സ്കൂൾ പാർലമെന്റ് വർഷത്തിൽ ഒന്ന് | എല്,ആർ.ജി. സ്കൂൾ പാർലമെന്റ് | |

## പ്രവർത്തനം 5

പേര് : പഠനയാത്രകൾ

ഉപമേഖല : അക്കാദമികം / സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനയാത്രകളിലൂടെ ചരിത്ര സ്മാരങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ, ക്ഷേത്രകലകൾ, കോട്ടകൾ, തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസിലാക്കൻ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ ചരിത്ര സ്മാരകങ്ങൾ, തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | ഒരു വർഷത്തിൽ ഒരു തവണ | എസ്.എസ്. ടീച്ചർ | |

## പ്രവർത്തനം 6

പേര് : ലൈബ്രറി പദ്ധതിയിലൂടെ – ചിന്ത

ഉപമേഖല : അക്കാദമികം / സാമൂഹിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചരിത്രപുസ്തകത്തിന്റെ ഏടുകളിലൂടെ ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം. അതുവഴി കൂട്ടിയുടെ അന്വേഷിച്ചു കണ്ടെത്തുക എന്ന നൈപുണ്യം വർദ്ധിപ്പിക്കുന്നതിന് | ചരിത്ര പ്രാധാന്യമുള്ള വിഷയങ്ങളെ ആസ്പദമാക്കി കുട്ടികളെകൂടി ഉൾപ്പെടുത്തി ഒരു ലൈബ്രറി രൂപപ്പെടുത്തൽ | | എസ്.ആർ.ജി | |

**പ്രവർത്തനം 7**

പേര് : സാമൂഹ്യശാസ്ത്ര ലാബ്

ഉപമേഖല : അക്കാദമികം / സാമൂഹികശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചെയ്ത്കൊണ്ട് പഠിക്കുക എന്ന മുദ്രാവാക്യം നിറവേറ്റാൻ സഹായിക്കുന്നു. സാമൂഹ്യശാസ്ത്ര ലാബ് വിദ്യാർത്ഥി – അദ്ധ്യാപകർക്കുള്ള ഒരു ആക്ടിവിറ്റി റൂമായി പ്രവർത്തിക്കുന്നു. ഇത് ലൗകിക അറിവുമായി അക്കാദമിക് അനുഭവം സംയോജിപ്പിച്ച് പഠന ഫലപ്രദവും സജീവവും രസകരവുമാകുന്നു. കുട്ടികൾക്ക് നന്നായി പഠിക്കാനും അവരുടെ വൈജ്ഞാനികവും ബുദ്ധിപരവുമായ തലത്തിൽ കുട്ടികൾ വളരുന്നു. വിഷയം കൂടുതൽ ശ്രദ്ധയോടും താല്പര്യത്തോടും പഠിക്കുന്നതിന്. ചരിത്ര സത്യങ്ങൾ കണ്ട് മനസ്സിലാക്കുന്നതിന് | നമ്മുടെ ദൈനംദിന ജീവിതത്തിൽ സാമൂഹികശാസ്ത്രം എങ്ങനെ ഉൾചേർന്നിരിക്കുന്നു. എന്ന് അന്വേഷിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുന്ന ഈ ലാബിന്റെ പ്രവർത്തനങ്ങൾ<br>ഗ്ലോബുകൾ<br>ടോപ്പോഗ്രീഫിക്കൽ മാപ്പുകൾ<br>കാലഹരണപ്പെടുന്ന വിവിധ നാഗരികതകളുടെ ചരിത്രപരമായ രാഷ്ട്രീയ ഭൂപടങ്ങൾ<br>ഭൂമിശാസ്ത്രപരവും, രാഷ്ട്രീയവുമായ ചാർട്ടുകൾ<br>പ്രദർശനവേളയിൽ വിദ്യാർത്ഥികൾ നിർമ്മിച്ച മോഡലുകൾ | ഒരു വർഷം | എസ്.എസ് ടീച്ചർ | |

**NATURAL SCIENCE**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. വിദ്യാലയത്തിലെ എല്ലാ കുട്ടികളും അതാത് ക്ലാസ്സുകളിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചുവെന്ന് ഉറപ്പുവരുത്തുക. ലഹരി വിരുദ്ധ മനോഭാവം രൂപപ്പെടുത്തുക. | ലഹരിവിരുദ്ധ സെമിനാർ 9–10 എന്നീ ക്ലാസ്സുകളിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ചർച്ച. വിദഗ്ദ്ധരുടെ ബോധവൽക്കരണം കൊളാഷ് പ്രദർശനം | ജൂൺ ആഗസ്റ്റ് | അധ്യാപകൻ | 4,000/- |
| 2. കൗമാരപ്രായക്കാരായ കുട്ടികൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെ കുറിച്ച് ബോധവത്കരണം | കൗൺസിലിംഗ് ക്ലാസ് കൗമാര കാലഘട്ടത്തിൽ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും | സെപ്റ്റംബർ നവംബർ | പി.ടി.എ അധ്യാപകർ ആരോഗ്യ പ്രവർത്തകർ | 5,000/- |
| 3. ബയോളജിയുമായി ബന്ധപ്പെട്ട പുസ്തകങ്ങളുടെ ഒരു ശേഖരം ഉണ്ടാക്കുക. | കുട്ടികളിൽ നിന്നും, സമൂഹത്തിൽ നിന്നും പുസ്തകം ശേഖരിക്കുന്നു. പുസ്തകങ്ങൾ വാങ്ങുന്നു. | 1 വർഷം | പി.ടി.എ അധ്യാപകർ ആരോഗ്യ പ്രവർത്തകർ | 10,000/- |
| 4. വിദ്യാലയത്തിലെ ഓരോ കുട്ടിയും സ്വന്തം രക്തഗ്രൂപ്പ് തിരിച്ചറിയുക. നേത്രരോഗത്തന്റെ പ്രാധാന്യം മനസ്സിലാക്കുക. | മെഡിക്കൽ ക്യാമ്പ് രക്തഗ്രൂപ്പ് നിർണയക്യാമ്പ് നേത്രരോഗ നിർണയ ക്യാമ്പ് | 1 വർഷം | അധ്യാപകർ ആരോഗ്യ പ്രവർത്തകർ പൂർവ്വവിദ്യാർത്ഥി സംഘടന | 5,000/- |

## BIOLOGY

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവ വൈവിധ്യപാർക്ക് നിർമ്മാണം | വിവിധതരത്തിലുള്ള സസ്യങ്ങളെ പരിപാലിക്കുന്നതിലൂടെ ശലഭങ്ങളെ ആകർഷിക്കപ്പെടുകയും പരാഗണം എന്ന പ്രതിഭാസം കുട്ടികൾക്ക് ബോധ്യപ്പെടുകയും ചെയ്യുന്നു. ജൈവവൈവിധ്യം എങ്ങനെ നിലനിർത്തപ്പെടുകയും ചെയ്യുന്നുവെന്ന് കുട്ടികൾക്ക് ബോധ്യപ്പെടുന്നു. | 5 മാസം | എക്കോ ക്ലബ്ബ്, സയൻസ് ക്ലബ്ബ് | PTA |
| ഔഷധസസ്യ പരിപാലനം | ഔഷധ സസ്യങ്ങളെ തിരിച്ചറിയുന്നതിനും അവയുടെ ഔഷധഗുണം മനസ്സിലാക്കി പ്രയോജനപ്പെടുത്തുവാനും ഔഷധത്തോട്ടം വിപുലപ്പെടുത്തുന്നു. | 3 മാസം | എക്കോ ക്ലബ്ബ്, സയൻസ് ക്ലബ്ബ് | PTA |
| നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്ത് നാട്ടുമാവുകൾ നട്ട് ഓരോ ക്ലാസിനും ഓരോ ഇനം സംരക്ഷിക്കാനുള്ള ചുമതല ഏൽപ്പിക്കുന്നു. | 6 മാസം | എക്കോ ക്ലബ്ബ് | എക്കോ ക്ലബ്ബ് |
| ജൈവകീടനാശിനി നിർമ്മാണം | വേപ്പെണ്ണ – വെളുത്തുള്ളി മിശ്രിതം, വേപ്പിൻകഷായം, കാന്താരി മുളക് ലായനി, തുളസിയില മിശ്രിതം, പുകയില കഷായം, എന്നിവ തയ്യാറാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | 1 മാസം | സയൻസ് ക്ലബ്ബ് | സയൻസ് ക്ലബ്ബ് |

## HISTORY

**പ്രവർത്തനം 1**

പേര് : ശാസ്ത്രലാബ് നവീകരിക്കൽ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രലാബിനെ സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ, കൂടുതൽ രാസവസ്തുക്കൾ ക്രമീകരിക്കൽ, കാറ്റലോഗ് തയ്യാറാക്കൽ, ഇരിപ്പിടങ്ങൾ സജ്ജമാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് സയൻസ് അധ്യാപകർ | |

**പ്രവർത്തനം 2**

പേര് : ശാസ്ത്രപോഷണ പരിപാടി

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ രീതി, ജനകീയ ശാസ്ത്രത്തിന്റെ അനിവാര്യത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ കേന്ദ്രീകരിച്ചുള്ള ക്ലാസ്സുകൾ, സംവാദങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കൽ | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | 10,000/- |

**പ്രവർത്തനം 3**

പേര് : ശാസ്ത്രയാത്രകൾ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | ISRO, പ്ലാനറ്റോറിയം, ശാസ്ത്ര പ്രദർശനങ്ങൾ, മെഡിക്കൽ പ്രദർശനങ്ങൾ തുടങ്ങിയവ നിരീക്ഷിക്കുന്നതിനുള്ള പഠന യാത്രകൾ | പ്രതി വർഷം 3 യാത്രകൾ | സയൻസ് ക്ലബ്ബ് പി.ടി.എ | 15,000/- |

**പ്രവർത്തനം 4**

പേര് : ദിനാചരണങ്ങൾ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ അവബോധം നൽകൽ | സ്കൂൾ അസംബ്ലിയിൽ ഓരോ ദിവസത്തിന്റെയും പ്രത്യേകതയും അതുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കൽ, ശാസ്ത്രജ്ഞന്മാരുടെ ജീവിചരിത്രം അവതരിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തൽ, അവരുടെ ശാസ്ത്ര കൗതുകം വർദ്ധിപ്പിക്കൽ | വർഷം മുഴുവൻ | സയൻസ് ക്ലബ്ബ് | |

**പ്രവർത്തനം 5**

പേര് : മേളകൾ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടേയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ല തലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | 10,000/- |

**പ്രവർത്തനം 6**

പേര് : പ്രത്യേക പരിഗണന അർഹിക്കുന്നവർക്കൊരു കൈതാങ്ങ്

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ പഠനഭാരം ലഘൂകരിക്കൽ, പഠനം മെച്ചപ്പെടുത്തൽ | ICT സാധ്യത പ്രയോജനപ്പെടുത്തൽ, ലഘുപരീക്ഷണങ്ങളിലൂടെ പഠനം എളുപ്പമാക്കൽ, പട്ടികപ്പെടുത്തൽ, കുറിപ്പ് തയ്യാറാക്കൽ മുതലായവ | വർഷം മുഴുവൻ | സയൻസ് അധ്യാപകർ. SRG റിസോഴ്സ് അധ്യാപകർ | 15,000/- |

**പ്രവർത്തനം 7**

പേര് : ടാലന്റ് ലാബ് സജ്ജീകരിക്കൽ

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര പ്രതിഭകളെ കണ്ടെത്തി കഴിവ് പരിപോഷിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളുമായി സംവാദം, ശാസ്ത്രക്വിസ് മത്സരത്തിൽ പങ്കാളിത്തം, വിദഗ്ദ്ധരെ ഉൾപ്പെടുത്തിയുള്ള പരിശീന ക്ലാസ്സുകൾ | വർഷത്തിൽ രണ്ട് തവണ | സയൻസ് അധ്യാപകർ പി.ടി.എ | 20,000/- |

**PHYSICAL**

**പ്രവർത്തനം 1**

പേര് :

ഉപമേഖല : അക്കാദമികം / ഫിസിക്കൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രമേളകളിലുള്ള പങ്കാളിത്തം ഉറപ്പുവരുത്തുക | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ആവശ്യമായ പരമാവധി പ്രോത്സാഹനം നൽകൻ | ഒരു വർഷത്തിൽ 2 മാസം | സയൻസ് ക്ലബ്ബ് | പി.റ്റി.എ |

**പ്രവർത്തനം 2**

പേര് :

ഉപമേഖല : അക്കാദമികം / ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര മാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ ഇവ ഉപയോഗപ്പെടുത്തി ശാസ്ത്രപതിപ്പ് തയ്യാറാക്കുക. | 3 മാസം | സയൻസ് ടീച്ചർ | |

## MATHEMATICS

### പ്രവർത്തനം 1

പേര് : ഗണിതലാബ് സജ്ജീകരിക്കൽ

ഉപമേഖല : അക്കാദമികം / മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ, ഗണിതലാബിൽ വച്ച് ഗണിത ക്ലാസ്സ് നടത്തൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിതക്ലബ്ബ് | 20,000/- |

### പ്രവർത്തനം 2

പേര് : ഫ്ളാനൽ ബോർഡ് ഉപയോഗിച്ച് ക്ലാസ് റൂം പ്രവർത്തനം

ഉപമേഖല : അക്കാദമികം / മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനം സുഗമമാക്കൽ | ക്ലാസുമുറികളിൽ ഫ്ളാനൽ ബോർഡ്, ഫ്ളാനൽ കട്ട് ഔട്ടുകൾ എന്നിവ സജ്ജമാക്കൽ | ആവശ്യാനുസരണം | എസ്.ആർ.ജി ഗണിതക്ലബ്ബ് | 5,000/- |

### പ്രവർത്തനം 3

പേര് : ഗണിത പ്രദർശനം

ഉപമേഖല : അക്കാദമികം / സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപഠന പ്രവർത്തനവുമായി ബന്ധപ്പെട്ട ഉല്പന്നങ്ങളുടെ പ്രദർശനം | സ്കൂൾ പരിസരവാസികൾക്കും രക്ഷിതാക്കൾക്കും പ്രദർശനം കാണുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. | വർഷത്തിലൊരിക്കൽ | ഗണിത അധ്യാപകർ | PTA |

## പ്രവർത്തനം 4

പേര് : ഒറിഗാമി ടാൻഗ്രാം / മറ്റ് ടീച്ചിംഗ് എയ്ഡസ് ശില്പശാല

ഉപമേഖല : അക്കാദമികം / മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| രാസകരമായ ഗണിതശാസ്ത്രപഠനവും, കരചലനശേഷിയുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്നു. ടാൻഗ്രാം ഉപയോഗിച്ച് വിവിധരൂപങ്ങൾ നിർമ്മിക്കുന്നു. പഠനപ്രവർത്തനത്തിന് ആവശ്യമായ മോഡലുകളുടെ നിർമ്മാണം അവയുടെ ഗണിതസവിശേഷതകൾ പട്ടികപ്പെടുത്തൽ | വർഷത്തിലൊരിക്കൽ | SRG OSA | 2,000/- |

## പ്രവർത്തനം 5

പേര് : ഗണിതക്ലബ്ബ് പ്രവർത്തനം

ഉപമേഖല : അക്കാദമികം / മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതമത്സരങ്ങൾക്കായി സമർത്ഥരായ കുട്ടികളെ കണ്ടെത്തൽ | സെമിനാർ, ക്വിസ്, പസിൽസ്, ഡെയിംസ് ഇവയുടെ മത്സരം സംഘടിപ്പിക്കൽ. ഗണിതശാത്ര പുസ്തകങ്ങൾ ശേഖരിക്കുക. ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ ശേഖരിക്കുക. നോട്ടീസ് ബോർഡ് നിർമ്മാണം പ്രദർശനം, ക്വിസ് കോർണർ, ഗണിത നാടകം മുതലായ പ്രവർത്തനങ്ങൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | ഗണിത അധ്യാപകർ | 4,000/- |

## പ്രവർത്തനം 6

പേര് : ഗണിതത്തിൽ പിന്നാക്കം നില്ക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് അടിസ്ഥാന ആശയങ്ങൾ എത്തിച്ചു കൊടുക്കുന്നതിനുള്ള പ്രവർത്തനം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭിന്നശേഷിക്കാരുടെ പഠന പിന്നാക്ക അവസ്ഥ പരിഹരിക്കൽ | ലളിതമായും രസകരമായും ഗണിത ആശയങ്ങൾ കുട്ടികളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനം (ICT സഹായത്തോടെ) | ഒരു വർഷം നീണ്ട പ്രവർത്തനങ്ങൾ | ഗണിത അധ്യാപകർ | 5,000/- |

**പ്രവർത്തനം 7**

പേര് :

ഉപമേഖല : അക്കാദമികം / മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയധാരണ കൈവരിക്കൽ | പ്രീടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യ വാരം | അധ്യാപകർ മുന്നോക്കം നിൽക്കുന്ന കുട്ടികൾ | PTA |

**പ്രവർത്തനം 8**

പേര് :

ഉപമേഖല : അക്കാദമികം / മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജ്യാമിതീയ പെട്ടിയുടെ ലഭ്യത ശില്പ ശാലകൾ | തുടർ പ്രവർത്തനം | അധ്യാപകർ | |

**പ്രവർത്തനം 9**

പേര് :

ഉപമേഖല : അക്കാദമികം / മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോദ്ധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. | ഒരു ടേമിൽ ഒന്ന് | അധ്യാപകർ, പി.ടി.എ | പി.ടി.എ |

**പ്രവർത്തനം 10**

പേര് :

ഉപമേഖല : അക്കാദമികം / മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത വിഷത്തിന് കുട്ടികളുടെ മികച്ച സംഭാവനകൾ | കുട്ടികൾ, കൂടാതെ സമീപപ്രദേശങ്ങളിലെ ഗണിത അധ്യാപകരും ചേർന്ന കൂട്ടായ്മ | ശനിയാഴ്ചകളിലും മറ്റ് അവധി ദിവസങ്ങളിലും | ഗണിത അധ്യാപകർ | |

**പ്രവർത്തനം 11**

പേര് :

ഉപമേഖല : അക്കാദമികം / മാത്തമാറ്റിക്സ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിത ലാബ് | ശില്പശാലകളിലുടെ ലാബിലേക്ക് ആവശ്യമായ പഠന ഉപകരണങ്ങൾ ശേഖരിക്കൽ | മെയ് – ജൂൺ | ക്ലബ്ബ് സെക്രട്ടറി, അധ്യാപകർ | പി.ടി.എ |

**പ്രവർത്തനം 12**

പേര് : ഐ.ടി.അധിഷ്ഠിത ഗണിതപഠനം

ഉപമേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനം സുഗമമാക്കൽ, കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊള്ളൽ | ഹൈ–ടെക് ക്ലാസ്സ് മുറികൾ ഉപയോഗിച്ച് ജിയോ ജിബ്രാ, ഇന്റർനെറ്റ് സഹായത്തോടെയുള്ള വിദ്യാഭ്യാസം | വർഷത്തിലൂടനീളം | ഐ.ടി കോ–ഓർഡിനേറ്റർ കണക്ക് അധ്യാപകൻ | ഐ–ടെക് ക്ലാസ്സ് മുറികളുടെ ലഭ്യതയ്ക്ക് ആവശ്യമായ സാമ്പത്തികം |

## പ്രവർത്തനം 13

പേര് : ഗണിത വിദഗ്ദ്ധർ നടത്തുന്ന സെമിനാർ

ഉപമേഖല : അക്കാദമികം / സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതപ്രധാന്യം ഉയർത്തിക്കാട്ടൽ | ഗണിതവിദഗ്ധർ നടത്തുന്ന സെമിനാർ,സംവാദം തുടങ്ങിയവ | വർഷത്തിലൊരിക്കൽ | ഗണിത അധ്യാപകർ | 4000/- |

## പ്രവർത്തനം 15

പേര് : ഗണിതപഠനയാത്ര

ഉപമേഖല : അക്കാദമികം / സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ഇടവേള സമയങ്ങളുടെ ഫലപ്രദമായ ഉപയോഗം | സ്കൂളിന്റെ ഒരു ഭാഗത്തായി കുട്ടികൾക്ക് ഗണിതം ആസ്വദിക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികളുടെ സജ്ജീകരണം, സാമഗ്രികൾ, മാജിക് ക്യൂബ്, പസിൽ ബുക്കുകൾ, ടാൻഗ്രാമുകൾ, കട്ടകൾ ചേർത്ത് വിവിധരൂപങ്ങൾ ഉണ്ടാക്കൻ, വളയങ്ങൾ. | വർഷം മുഴുവൻ | ഗണിത ക്ലബ്ബ് | 2000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ അന്തർലീനമായിട്ടുള്ള എല്ലാ കഴിവുകളേയും വികസിപ്പിച്ചെടുക്കൽ | ഹാൻസ് എംബ്രോയ്ഡറി സാരി പ്രിന്റിംഗ് ഫാബ്രിക് പെയിന്റിംഗ് വെജിറ്റബിൾ പ്രിന്റിംഗ് | ആവശ്യമുള്ള കാലയളവ് | സ്കൂൾ ടീച്ചർ PTA | RMSA 25,000/- |
| പ്രവൃത്തിപഠനലാബ് സജ്ജീകരിക്കൽ, വിഷയബന്ധിതമായ പഠ നേട്ടം ഉറപ്പാക്കൽ. കുട്ടികൾക്ക് തൊഴിലിനോട് അഭിമുഖ്യം, തൊഴിൽ സന്നദ്ധത, സ്വാശ്രയത്വം, ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തി ക്രാഫ്റ്റ് വർക്കിൽ പഠനം | ശുചീകരണ ഉല്പന്നങ്ങൾ സോപ്പ് / ലോഷൻ / ഡിറ്റർജന്റ് പൂക്കൾ നിർമ്മാണം | ആവശ്യമായ സമയം | ടീച്ചർ ക്ലബ്ബ് | PTA 2000/- |
| ഔഷധതിരിച്ചറിവ്, നാട്ടറിവ് പ്രയോജനപ്പെടുത്തുക. ഔഷധ കൃഷിയോട് ആഭിമുഖ്യം | ഔഷധത്തോട്ടം തയ്യാറാക്കൽ | ആവശ്യമായ സമയം | ടീച്ചർ സ്കൂൾ ക്ലബ്ബ് | PTA School 2000/- |
| ടാലന്റ് ലാബ് സജ്ജീകരിക്കൽ തൊഴിൽ പരിശീലനത്തിൽ കൂടുതൽ താല്പര്യവും നൈപുണ്യവുമുല്ള വരെ കണ്ടെത്തി പ്രത്യേക പരിശീലനം | ബാഗ് നിർമ്മാണം | ആഴ്ചയിൽ ഒരു ദിവസം | ടീച്ചർ | 2000/- |

**പ്രവർത്തനം 1**

പേര് : കലാമണ്ഡലം

ഉപമേഖല : അക്കാദമികം /കലാ– വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | സംഗീതം, സംഗീതോപകരണങ്ങൾ, നൃത്തം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി ഒറ്റപ്പെട്ട ഒരു ക്ലാസ്മുറിതെരഞ്ഞെടുത്ത് കലാമണ്ഡപം എന്ന പേരിൽ ഒരു പരിശീലന കേന്ദ്രം ആരംഭിക്കും. | പ്രവൃത്തി ദിവസങ്ങളിൽ രാവിലെയും വൈകിട്ടും പരിശീലനം | ആർട്സ് ക്ലബ്ബ്/ കലാധ്യാപിക | 2,00,000/– |

**പ്രവർത്തനം 2**

പേര് : ചിത്രരചനാ കളരി

ഉപമേഖല : അക്കാദമികം /കലാ– വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്രരചനയിൽ പ്രാവീണ്യം നേടൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 3 ദിവസം നീണ്ടുനില്ക്കുന്ന ചിത്രരചനാ പരിശീലനം | മദ്ധ്യവേനൽ അവധിക്കാലം ( 3 ദിവസം) | എസ്.ആർ.ജി | 10,000/– |

## ആർട്സ് എഡ്യുകേഷൻ

കുളത്തൂപ്പുഴ ബി.എം.ജി.ഹൈസ്കൂളിലെ വിദ്യാർത്ഥികളുടെ കലാപരമായ സമഗ്രവികസനത്തിന് ആവശ്യമായ കാര്യങ്ങൾ ഈ അക്കാദമിക വർഷം നടപ്പിലാക്കും.

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പാടുകൾ, നാടകങ്ങൾ (ലഘു), നൃത്താവിഷ്കാരങ്ങൾ ചിത്രരചനകൾ ഇവ കുട്ടികളെ പഠിപ്പിച്ച് ചെയ്യിപ്പിക്കും.

മ്യൂസിക് ക്ലബ്ബ് ഉദ്ഘാടനം നടത്തും. പ്രാദേശിക കലാകാരന്മാരെക്കുറിച്ച് കുട്ടികളെ പരിചയപ്പെടുത്തുകയും അവരുടെ സംഭാവനകളെക്കുറിച്ച് കുട്ടികൾക്ക് ബോധവൽക്കണ ക്ലാസ്സുകൾ നല്കുകയും ചെയ്യും.

പ്രാദേശിക നൃത്തകലകൾ അറിയപ്പെടാത്തവ ഇന്നും നമ്മുടെ നാട്ടിൽ ഒട്ടനവധിയുണ്ട്. അവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുകയും, ചർച്ചകൾ നടത്തുകയും, കുട്ടികൾക്ക് അവയെക്കുറിച്ചുള്ള അറിവുകൾ നൽകുകയും ചെയ്യു.

ഇവ കുട്ടികളെ കൊണ്ട് തന്നെ ചെയ്യിപ്പിച്ച് എഡിറ്റ് ചെയ്ത് വീഡിയോ രൂപത്തിലാക്കി ക്ലാസ്സ് റൂമികളിൽ പ്രദർശനത്തിന് ഒരുക്കും. കുട്ടികളുടെ കലാപഠനത്തിനാവശ്യമായ ആക്ടിവിറ്റികൾ ചെയ്യുന്നതിലേക്കായി ആർട്സ് ഗ്യാലറി എന്ന പേരിൽ ഒരു ക്ലാസ്റൂം ഒരുക്കുക എന്ന ലക്ഷ്യമുണ്ട്.

കുട്ടികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും സഭാകമ്പം ഒഴിവാക്കുന്നതിലേക്കുമായി അവർക്ക് അവതരിപ്പിക്കാൻ വേണ്ട മൈക്ക്, ഓഡിയോ മുതലായവ വാങ്ങിക്കും.

## പ്രവർത്തനം 1

പേര് : കായിക വിദ്യാഭ്യാസം

ഉപമേഖല : അക്കാദമികം /കായിക പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അവാർഡ് സമ്മാനങ്ങൾ ൻകലും ആദരിക്കലും പ്രോത്സാഹിപ്പിക്കലും | സ്കൂൾതലത്തിൽ പരിശീലനം നൽകുന്ന എല്ലാ ഗെയിമുകളിലും അത്‌ലറ്റികിനും മത്സരങ്ങൾ നടത്തി സർട്ടിഫിക്കറ്റുകൾ നൽകും. ഉപജില്ല സംസ്ഥാന ദേശീയ തലങ്ങളിലെ വിജയികളെ മെമന്റോ നല്കി ആരിക്കും. | ഓരോ തലങ്ങളിലും മത്സരങ്ങൾക്കു ശേഷം | എച്ച്.എം.കായിക അധ്യാപകൻ പി.ടി.എ | സ്പോൺസർഷിപ്പ് കണ്ടെത്താൻ പരിശ്രമിക്കും. അല്ലെങ്കിൽ പി.ടി.എയിൽ നിന്നും തുക കണ്ടെത്തും. |

## പ്രവർത്തനം 2

പേര് : കായികവിദ്യാഭ്യാസം

ഉപമേഖല : അക്കാദമികം /കായിക പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഉന്നത തലങ്ങൾ ലക്ഷ്യമാക്കിയുള്ള തുടർപരിശീലനം | വൈകുന്നേരം 4.00 മുതൽ 5.30 വരെ പരിശീലനം നൽകൽ<br>അത്‌ലറ്റിക്, ക്രിക്കറ്റ്, ഫുഡ്ബോൾ, വോളിബോൾ (ഗേൾസ്, ബോയ്സ്) ബാഡ്മിന്റൺ (ഗേൾസ്, ബോയ്സ്) ടെന്നികോട് (ഗേൾസ്, ബോയ്സ്), ടേബിൾടെന്നീസ് (ഗേൾസ്, ബോയ്സ്), ചെസ്സ് (ഗേൾസ്, ബോയ്സ്) | ആഴ്ചയിൽ 2 ദിവസം എല്ലാദിവസവും ഉച്ചയ്ക്കുള്ള റെസ്റ്റ് സമയത്ത് ചെസ്സിന് പരിശീലനം നൽകുന്നു. | പി.ടി.എ കായിക അധ്യാപകൻ പരിശീലനം കിട്ടിയിട്ടുള്ള പൂർവ്വ വിദ്യാർത്ഥികൾ | സ്പോൺസർഷിപ്പ് കണ്ടെത്താൻ പരിശ്രമിക്കും. |

## അറബിക് എഡ്യുകേഷൻ

അറബി പഠിക്കുന്ന എല്ലാ കുട്ടികളേയും മികച്ചവരാക്കുക എന്ന ലക്ഷ്യത്തോടെ വായിക്കാം വളരാം എന്ന പ്രവർത്തനങ്ങളിലൂടെ പ്രോത്സാഹിപ്പിക്കും. അറബിക് ക്ലബ്ബ് രൂപീകരിക്കും വായന ദിനത്തോടനുബന്ധിച്ച് ഒരു ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കും. മഹാന്മാരെ അറിയുകു എന്നത് ലക്ഷ്യമാക്കി ജീവചരിത്ര കുറിപ്പ് തയ്യാറാക്കും. ലഹരി വിരുദ്ധദിനത്തോടനുബന്ധിച്ച് പോസ്റ്റർ തയ്യാറാക്കും.

ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കുന്നതിന് വേണ്ടി കേൾക്കാം. പറയാം എന്ന പ്രവർത്തനത്തിലൂടെ എല്ലാ കുട്ടികളേയും നിഘണ്ടു ഉപയോഗിക്കുവാൻ പ്രാപ്തരാക്കും .വിവിധ ദിനചാരണങ്ങളിലൂടെ സൂചനാ ബോർഡുകൾ ഉണ്ടാക്കി സ്ഥാപിക്കും ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കുട്ടികൾക്ക് വിവിധ പരിപാടി സംഘടിപ്പിക്കും.

## പ്രതീക്ഷിത നേട്ടങ്ങൾ

1. ശിശുസൗഹൃദപരമായ അന്തരീക്ഷത്തിൽ മികച്ച പഠനാന്തരീക്ഷം ഒരുക്കുന്നു.
2. സ്കൂൾ സമൂഹത്തിൽ എന്ന ആശയം സാക്ഷാത്ക്കരിക്കപ്പെടുന്നു.
3. സ്കൂൾ കാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാട് യാഥാർത്ഥ്യമാകത്തക്കരീതിയിൽ ജൈവവൈവിധ്യ ഉദ്യാനം രൂപകല്പന ചെയ്യാൻ കഴിയുന്നു.
4. വിദ്യാലയ പ്രവേശന നിരക്ക് വർദ്ധിക്കുന്നു.
5. മതനിരപേക്ഷ സമൂഹത്തെ നിലനിർത്താൻ കഴിയുന്നു.
6. വിദ്യാഭ്യാസരംഗത്തുള്ള ഗുണകരമല്ലാത്ത പ്രവർത്തനങ്ങൾക്ക് തടയിടാൻ കഴിയുന്നു.

# മോനിട്ടറിംഗ്

1. ഉദ്യോഗസ്ഥതലത്തിലുള്ള മോനിട്ടറിംഗ് സ്കൂൾതലം മുതൽ ശക്തമാക്കുന്നു.
2. ദൈനംദിന മോണിട്ടറിംഗ്എച്ച്.എം.എസ്.ആർ.ജി, കൺവീനർ, പി.ടി.എ പ്രസിഡന്റ് എന്നിവരുടെ നേതൃത്വത്തിൽ നടത്താം.
3. സോഷ്യൽ മോണിട്ടറിംഗ് രീതി നടപ്പാക്കാം (പി.ടി.എ, എം.പി.ടി.എ, എസ്.ആർ.ജി., ഒ. എസ്.എ എന്നിവരെ ഉൾപ്പെടുത്താം.)

## ഉപസംഹാരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്കെത്തിക്കുകയെന്ന് ലക്ഷ്യത്തോടെ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഒരു കർമ്മ പദ്ധതിയുടെ ഭാഗമാണ് അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ. സ്കൂളിനെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനാവശ്യമായ ഭൗതീകവും അക്കാദമികവും സാമൂഹികവുമായ പ്രവർത്തനങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. പഠനത്തോടൊപ്പം തന്നെ ജീവിതത്തിലും ഓരോ കുട്ടിയേയും വിജയത്തിലേക്കെത്തിക്കുക എന്ന ലക്ഷ്യത്തോടെ സഹകരിക്കുകയും മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻസഹായിക്കുകയും സഹകരിക്കുകയും ചെയ്ത ഏവരേയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഇതുപരികരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.